(ബി) ഉണ്ട്.

(സി) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് അക്കാദമിക അതോറിറ്റിയായ NCTE അദ്ധ്യാപക നിയമനത്തിന് ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് പാസാകണത് ഒരു യോഗ്യതാ മാനദണ്ഡം ആക്കിയിരുന്നു. എല്ലാ സംസ്ഥാനങ്ങളിലും ഇത് നടപ്പാക്കണമെന്ന നിർദ്ദേശവും എൻ.സി.ടി.ഇ. നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് കെ-ടെറ്റ് പരീക്ഷ നടപ്പിലാക്കിയത്.

(ഡി) 2012 മുതൽ 14 വരെയുള്ള കാലയളവിൽ എൽ.പി. വിഭാഗത്തിൽ 83006 പേർ പരീക്ഷ എഴുതി 8007 പേർ വിജയിച്ചു. യു.പി. വിഭാഗത്തിൽ 90589 പേർ പരീക്ഷ എഴുതി 5713 പേർ വിജയിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ 97673 പേർ പരീക്ഷ എഴുതി 6181 പേർ ജയിച്ചു. 2013 മുതൽ ആരംഭിച്ച ഭാഷാദ്ധ്യാപക/സ്പെഷ്യലിസ്റ്റ് അദ്ധ്യാപക വിഭാഗത്തിൽ 7352 പേർ എഴുതി 847 പേർ വിജയിച്ചു.

സർക്കാർ സ്വകാര്യ സ്കൂളുകൾ, വിദ്യാർത്ഥി ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

82 (1107) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സർക്കാർ-സ്വകാര്യ സ്കൂളുകൾ, വിദ്യാർത്ഥി ഹോസ്റ്റലുകൾ എന്നിവ എത്രയെന്നും ഇവയിൽ മതിയായ തോതിൽ ടോയ്ലെറ്റുകളും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ പാചകപ്പുരകളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്നും 2015-ൽ വിദ്യാഭ്യാസ വകുപ്പും ആരോഗ്യവകുപ്പും പരിശോധിച്ചുവോ ;

(ബി) എങ്കിൽ ഏത്ര സ്കൂളുകളിൽ/ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യം തൃപ്തികരമായുണ്ട് എന്നും ഇല്ലാത്തവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ ;

(സി) ഇവ സംബന്ധിച്ച് ഈ സർക്കാരിന്റെ കാലയളവിൽ ബഹു. ഹൈക്കോടതി എത്ര പ്രാവശ്യം നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; അവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ആരോഗ്യവകുപ്പ് പരിപാടിയിൽ ഉൾപ്പെട്ട 'സേഫ് കേരള' പദ്ധതി പ്രകാരം സ്കൂളുകൾ/വിദ്യാർത്ഥി ഹോസ്റ്റലുകൾ എന്നിവ പരിശോധിച്ച് വിദ്യാഭ്യാസ വകുപ്പിന് നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ച വിഷയങ്ങൾ എന്തെല്ലാം ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബഹു. ഹൈക്കോടതി സർക്കാരിനും വിദ്യാഭ്യാസ വകുപ്പിനും പ്രസ്തുത വിഷയം സംബന്ധിച്ചുനൽകിയ താക്കീത് പാലിക്കാത്ത സ്കൂളുകൾ ഏതെല്ലാം ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) മൂത്രപ്പുരയില്ലാത്ത സ്കൂളുകളിലെ പെൺകുട്ടികൾ, അദ്ധ്യാപികമാർ എന്നിവർ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ വിദ്യാഭ്യാസവകുപ്പും ആരോഗ്യവകുപ്പുംകൂടി പരിശോധിച്ചുവോ ; എങ്കിൽ പ്രശ്നങ്ങൾ എന്താണെന്നും ഇതുപരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുക

83 (1108) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിനായി വകയിരുത്തിയ തുകയും ആയതിന്റെ ചെലവും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്നും തുക ഏതെല്ലാം പദ്ധതികൾക്ക് ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് അനുവദിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിനായി വകയിരുത്തിയ തുകയുടെയും ആയതിന്റെ ചെലവിന്റെയും വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

(സി) പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്*. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം 4-ൽ ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly